## 14-ാം കേരള നിയമ സഭ

## 14-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2161** 06.02.2019 -ൽ മറുപടിയ്ക്ക്

**എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി)** |
| (എ) | സ്വാശ്രയമെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ എം.ബി.ബി.എസ്. വിദ്യാർത്ഥികളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ; | (ബി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള സൂചകങ്ങൾ പ്രകാരം **മുപ്പതോ അതിലധികമോ** മാർക്ക് ലഭിക്കുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (BPL) വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്. |
| (സി) | സർക്കാർ നിശ്ചയിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ സ്കോളർഷിപ്പ് ഫണ്ടിലേക്ക് സ്വരൂപിച്ച തുകയിൽ നിന്നും നാമമാത്രമായ വിഹിതം മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളുവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | 2017-18 വർഷ കോർപ്പസ് ഫണ്ടിൽ 10,90,00,000/- (പത്തുകോടി തൊണ്ണൂറ് ലക്ഷം രൂപ മാത്രം) സ്വരൂപിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. |
| (ഡി) | 2017-18 ൽ പ്രസ്തുത ഫണ്ടിലേക്ക് എത്ര തുക സ്വരൂപിച്ചുവെന്നും അതിൽ എത്ര തുക സ്കോളർഷിപ്പായി അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | | |
| (ഇ) | മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇക്കാര്യത്തിനായി സ്വരൂപിച്ച നിധിയിലെ മുഴുവൻ തുകയും ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | ഒരു വർഷം സ്വരൂപിക്കുന്ന മുഴുവൻ തുകയും അതേ വർഷം തന്നെ സ്കോളർഷിപ്പായി അനുവദിക്കുക എന്നല്ല മറിച്ച് സാമ്പത്തിക സഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം സ്കോളർഷിപ്പ് അനുവദിക്കുക എന്നതാണ് |

....2

ഉദ്ദേശിക്കുന്നത്. സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായ ചിത്രം വ്യക്തമാകുകയുള്ളു. അതിനാൽ മാനദണ്ഡങ്ങളിൽ ഉടൻ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**